# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.884 | 30.10.2019 -ൽ മറുപടിയ്ക്ക്

## എറണാകുളം ജില്ലയിൽ ആംഗ്ലോഇൻഡ്യൻ സാംസ്കാരിക നിലയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് : | **ശ്രീ. എ. കെ. ബാലൻ**<br>**പട്ടിക ജാതി പട്ടികവർഗ്ഗ**<br>**പിന്നോക്ക സമുദായ ക്ഷേമവും നിയമവും**<br>**സാംസ്കാരികവും പാർലമെന്ററികാര്യവും**<br>**വകുപ്പ് മന്ത്രി** |
| എ) ആംഗ്ലോ ഇൻഡ്യൻ സമുദായത്തിന്റെ പ്രശ്നങ്ങൾ സംബന്ധിച്ച് നടന്ന 24.01.2017 ലെ മീറ്റിംഗിലെ 5-ാം നമ്പർ തീരുമാനപ്രകാരം എറണാകുളം ജില്ലയിൽ ആംഗ്ലോഇൻഡ്യൻ സാംസ്കാരിക നിലയം നിർമ്മിക്കുന്നതിനായി ഭൂമി കണ്ടെത്തിയിട്ടുണ്ടോ;<br>ബി) എങ്കിൽ പ്രസ്തുത ഭൂമി സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ; | എ) & ബി) എറണാകുളം ജില്ലയിൽ ആംഗ്ലോ ഇൻഡ്യൻ സാംസ്കാരിക നിലയം നിർമ്മിക്കുന്നതിനായി കൊച്ചി താലൂക്ക്, പുതുവൈപ്പ് വില്ലേജിൽ സർവ്വേ നമ്പർ 300/1-ൽ 50 സെന്റ് റവന്യൂ ഭൂമിയും സർവ്വേ 335/4-ൽ 10.50 ആർ ഭൂമിയും ഉള്ളതായി എറണാകുളം ജില്ലാകളക്ടർ അറിയിച്ചിട്ടുണ്ട്. |
| സി) പ്രസ്തുത ഭൂമിയിൽ സാംസ്കാരിക നിലയം നിർമ്മിക്കുന്നതിനായി പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;<br>ഡി) ഇതു സംബന്ധിച്ച് സാംസ്കാരിക വകുപ്പിലെ C3/340/2019 നമ്പർ ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | സി) & ഡി) ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തതിൽ നിന്നും അനുയോജ്യമായ ഭൂമി കണ്ടെത്തി പ്രൊപ്പോസൽ റവന്യൂ വകുപ്പിന് നൽകണമെന്ന ശിപാർശയിന്മേൽ സി3/340/19/സാം.കാ.വ. ഫയലിൽ സാംസ്കാരിക ഡയറക്ടറുടെ റിപ്പോർട്ട് തേടിയിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ